**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 21** **07-06-2021 - ൽ മറുപടിയ്ക്ക്**

**ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എ. രാജ | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരോഗ്യമേഖലയുടെ സമഗ്രവികസനത്തിനായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിയ ആർദ്രം പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടെ മുന്നോട്ടുകൊണ്ടുപോകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | ആരോഗ്യ മേഖലയിൽ വലിയ മാറ്റം വരുത്തിയ ആർദ്രം മിഷൻ പ്രവർത്തനങ്ങൾ തുടരുന്നതാണ്. 1) ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്ന പ്രവർത്തനങ്ങൾ 3 ഘട്ടങ്ങളിലായി നടന്നു വരുന്നത് പൂർത്തിയാക്കുന്നതാണ്. 2) മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഒ.പി വിഭാഗം രോഗീ സൗഹൃദമാക്കിയതോടൊപ്പം ജില്ലാതല ആശുപത്രികളിലെ ഇനി പൂർത്തീകരിക്കാനുള്ളവ പൂർത്തീകരിക്കുന്നതാണ്. 3) താലൂക്ക് തല ആശുപത്രികളിലെ ഒ.പി വിഭാഗം രോഗീ സൗഹൃദമാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇവ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 4) 152 ബ്ലോക്ക് തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ രണ്ട് ഘട്ടങ്ങളിലായി ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് അവ തുടരുന്നതാണ്. ജില്ലാ/താലൂക്ക് തല ആശുപത്രികളെ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കി കിഫ്ബി, നബാർഡ്, പ്ലാൻ ഫണ്ട് വഴി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ഇവ ശക്തിപ്പെടുത്തുന്നതാണ്. ആശുപത്രികളിലേക്ക് ആവശ്യമായ ആധുനിക ആശുപത്രി ഉപകരണങ്ങളും ലബോറട്ടറി സൗകര്യങ്ങൾ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളും നടന്നു വരികയാണ്. കോവിഡിന്റെ കൂടി പശ്ചാത്തലം കണക്കിലെടുത്ത് ജില്ലാ/താലൂക്ക്തല ആശുപത്രികളിലെ ഇന്റൻസീവ് കെയർ സൗകര്യങ്ങൾ, ഓക്സിജൻ കിടക്കകൾ, മറ്റ് ത്രീതീയതല സൗകര്യങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി |

| | | | |
|---|---|---|---|
| | | | വരികയാണ്. ഇക്കാര്യങ്ങളും കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. കേന്ദ്ര സർക്കാരിന്റെ 15-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി 5 വർഷത്തേക്ക് ആരോഗ്യ മേഖലക്ക് തദ്ദേശഭരണ വകുപ്പ് വഴി ലഭ്യമാക്കുന്ന ഫണ്ട് ഉപയോഗിച്ച് ഗ്രാമീണ നഗര പ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ പരിചരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ രംഗത്തെ രോഗീ സൗഹൃദവും ജന സൗഹാർദവും ആക്കുന്നതിനും ജനങ്ങളുടെ ചികിത്സാ ചെലവുകൾ കുറക്കുന്നതിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രവർത്തനങ്ങൾ ആരോഗ്യ രംഗത്ത് ശക്തിപ്പെടുത്തുന്നതാണ്. |
| (ബി) | പൊതുജനങ്ങൾ ചികിത്സയ്ക്കായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന സർക്കാർ ആശുപത്രികളുടെ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (ബി) | ആരോഗ്യ മേഖലയിൽ വലിയ മാറ്റം വരുത്തിയ ആർദ്രം മിഷൻ പ്രവർത്തനങ്ങൾ തുടരുന്നതാണ്. 1) ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്ന പ്രവർത്തനങ്ങൾ 3 ഘട്ടങ്ങളിലായി നടന്നു വരുന്നത് പൂർത്തിയാക്കുന്നതാണ്. 2) മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഒ.പി വിഭാഗം രോഗീ സൗഹൃദമാക്കിയതോടൊപ്പം ജില്ലാതല ആശുപത്രികളിലെ ഇനി പൂർത്തീകരിക്കാനുള്ളവ പൂർത്തീകരിക്കുന്നതാണ്. 3) താലൂക്ക് തല ആശുപത്രികളിലെ ഒ.പി വിഭാഗം രോഗീ സൗഹൃദമാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇവ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 4) 152 ബ്ലോക്ക് തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ രണ്ട് ഘട്ടങ്ങളിലായി ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് അവ തുടരുന്നതാണ്. ജില്ലാ/താലൂക്ക് തല ആശുപത്രികളെ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കി കിഫ്ബി, നബാർഡ്, പ്ലാൻ ഫണ്ട് വഴി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ഇവ ശക്തിപ്പെടുത്തുന്നതാണ്. ആശുപത്രികളിലേക്ക് ആവശ്യമായ ആധുനിക ആശുപത്രി ഉപകരണങ്ങളും ലബോറട്ടറി സൗകര്യങ്ങൾ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളും നടന്നു വരികയാണ്. കോവിഡിന്റെ കൂടി പശ്ചാത്തലം കണക്കിലെടുത്ത് ജില്ലാ/താലൂക്ക്തല ആശുപത്രികളിലെ ഇന്റൻസീവ് കെയർ സൗകര്യങ്ങൾ, ഓക്സിജൻ കിടക്കകൾ, മറ്റ് ത്രിതീയതല സൗകര്യങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി വരികയാണ്. ഇക്കാര്യങ്ങളും കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. കേന്ദ്ര സർക്കാരിന്റെ 15-ാം |

| | | | |
|---|---|---|---|
| | | | ധനകാര്യ കമ്മീഷന്റെ ഭാഗമായി 5 വർഷത്തേക്ക് ആരോഗ്യ മേഖലക്ക് തദ്ദേശഭരണ വകുപ്പ് വഴി ലഭ്യമാക്കുന്ന ഫണ്ട് ഉപയോഗിച്ച് ഗ്രാമീണ നഗര പ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ പരിചരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ രംഗത്തെ രോഗീ സൗഹൃദവും ജന സൗഹാർദവും ആക്കുന്നതിനും ജനങ്ങളുടെ ചികിത്സാ ചെലവുകൾ കുറക്കുന്നതിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രവർത്തനങ്ങൾ ആരോഗ്യ രംഗത്ത് ശക്തിപ്പെടുത്തുന്നതാണ്. |
| (സി) | ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്ത് എത്ര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (സി) | ആർദ്രം പദ്ധതി പ്രകാരം ഒന്നാം ഘട്ടത്തിൽ 170 സ്ഥാപനങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി മാറ്റുന്നതിന് തിരഞ്ഞെടുക്കുകയും അവയിൽ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ 4 എണ്ണം ഒഴികെ 166 എണ്ണവും, രണ്ടാം ഘട്ടത്തിൽ 504 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിന് തെരഞ്ഞെടുക്കുകയും അവയിൽ 316 എണ്ണവും മൂന്നാം ഘട്ടത്തിൽ 212 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിന് തെരഞ്ഞെടുക്കുകയും അവയിൽ 3 എണ്ണവും ഇന്നുവരെ പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്. മറ്റുള്ളവയുടെ നിർമ്മാണങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. പ്രളയവും, കോവിഡും മൂലം ഈ കേന്ദ്രങ്ങളുടെ നിർമ്മാണ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ